ശ്രീ. പി. രവീന്ദ്രൻ: സാധാരണ ഇങ്ങനെ ചെയ്തു വരാറുണ്ട്. മേലാൽ എല്ലാ നിയമനങ്ങളും പി.എസ്.സി. ആണ് നടത്തുന്നത്. അതിനാൽ ആ പ്രശ്നം ഉദിക്കുന്നില്ല.

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ: ക്യാപ്സുലേഷൻ പ്രവർത്തനത്തിൽ പരിചയമുള്ള ഒരാൾ ഇല്ലാതിരുന്നതുകൊണ്ടാണ് വളരെക്കാലമായി ആ പ്ലാൻറ് വെറുതെ കിടന്നിരുന്നതെന്നു പറഞ്ഞു. ഇപ്പോൾ ആ പ്ലാൻറിലേക്ക് ഒരാളെ നിയമിച്ചിരിക്കുന്നതുകൊണ്ട് അതിൻറെ പ്രവർത്തനം കാര്യക്ഷമമാകുമോ?

ശ്രീ. പി. രവീന്ദ്രൻ: ആ മിഷിനറി പ്രവർത്തിപ്പിക്കുന്നതിലേക്കാണ് ഈ ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുള്ളത്.

ശ്രീ. പി. കുഞ്ഞൻ: ഒരു പ്രാമാണികനായ നേതാവിൻറെ നിർദ്ദേശപ്രകാരമാണ് ഈ രാമനാഥനെ നിയമിച്ചതെന്നു വ്യക്തമായ തെളിവ് തന്നാൽ അന്വേഷിക്കാമോ?

ശ്രീ. പി. രവീന്ദ്രൻ: കിട്ടിയ അപേക്ഷകരെ പരിശോധിച്ചു നോക്കിയതിൽ കൂടുതൽ പരീക്ഷായോഗ്യതയും പ്രായോഗിക പരിജ്ഞാനവും ഉള്ള യാളെയാണ് നിയമിച്ചത്.

അദ്ധ്യാപകരുടെ നിവേദനം

* 143 [504] ശ്രീ. പി. പി. ജോർജ്: താഴെ കാണുന്നചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി സദയം മറുപടിനൽകുമോ:

(എ) കെ.ഇ.ആർ. XIV ബി ഓപ്പറേറ് ചെയ്ത അദ്ധ്യാപകർ ഗവൺമെൻറിലേക്ക് എന്തെങ്കിലും നിവേദനം സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവരുന്നയിച്ചിട്ടുള്ള പ്രധാനപ്പെട്ട ആവശ്യങ്ങൾ എന്തെല്ലാം;

(സി) അതു സംബന്ധിച്ച് എന്തു നടപടിയെടുക്കാനുദ്ദേശിക്കുന്നു എന്നു വിശദമാക്കാമോ?

വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി (ശ്രീ. സി.എച്ച്. മുഹമ്മദുകോയ)

(എ) ഉണ്ട്.

(ബി) (1) 14 ബിയും 14 സിയും അദ്ധ്യായങ്ങളിലെ റൂളുകൾ ഓപ്പറേറുചെയ്തിട്ടുള്ള അദ്ധ്യപകർക്ക് തമ്മിൽ മാസവരുമാനത്തിലും സേവന വ്യവസ്ഥകളിലും ഉള്ള അന്തരം ഇല്ലായ്മ ചെയ്യുക.

(2) പെൻഷൻ കമ്മ്യൂട്ട് ചെയ്യുവാൻ അനുവദിക്കുക.

(3) സർവ്വീസിൽ പ്രവേശിച്ച ദിവസം മുതൽ സർവ്വീസിൽനിന്നു വിരമിക്കുന്ന കാലം വരെയുള്ള കാലം പെൻഷന് കണക്കാക്കുക.

(4) സർവ്വീസിലുള്ള ബ്രേക്കുകളും ശമ്പളമില്ലാത്ത അവധികളും സർവ്വീസ് പീരിയേഡ് ആയി കണക്കാക്കുക.

(5) Liberalised Family Pension തങ്ങൾക്കും ബാധകമാക്കുക. എന്നിവയാണ് പ്രധാന ആവശ്യങ്ങൾ.

(സി) മേൽകാണിച്ച ആവശ്യങ്ങൾ ഗവൺമെൻറിൻറെ പരിഗണനയിൽ ഇരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. പി. ജോർജ്: തുല്യജോലിക്കു തുല്യ ശമ്പളം എന്ന വസ്തുത അംഗീകരിച്ചുകൊണ്ട് ഡിയർനസ് അലവൻസിന്റെ കാര്യത്തിൽ XIV ബി ടീച്ചേഴ്സിനുള്ള കുറവു പരിഹരിക്കുന്നതിനുവേണ്ടി അത് ഒരു പ്രത്യേക പ്രശ്നമായി കൈകാര്യം ചെയ്യുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: പ്രത്യേകപ്രശ്നമായതുകൊണ്ടാണ് പരിഹരിക്കാൻ കഴിയാത്തതുതന്നെ. ബി ഓപ്റ്റു ചെയ്ത ആളുകൾ 5 കൊല്ലം കൂടുതൽ സർവ്വീസിലിരിക്കുന്നുണ്ട്.

ശ്രീ. പി. പി. ജോർജ്: 14 ബി ഓപ്റ്റ് ചെയ്ത ടീച്ചേഴ്സിന് ഡി.എ. കുറവ്, പെൻഷൻ കുറവ്, ഗ്രാറ്റുവിറ്റിയില്ല എന്നിങ്ങനെയുള്ള ദുരിതങ്ങളുള്ളതുകൊണ്ട് അതിൽ ചില കാര്യങ്ങൾക്കെങ്കിലും പരിഹാരമുണ്ടാക്കണം എന്നുള്ളതു കണക്കിലെടുത്തുകൊണ്ട്, ഏതേതു കാര്യങ്ങളിലാണ് ആനുകൂല്യം കൊടുക്കാൻ പോകുന്നതെന്നുവ്യക്തമാക്കാമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ചില കാര്യങ്ങളിൽ ബുദ്ധിമുട്ടുണ്ട്. എന്നാൽ അധികകാലം സർവ്വീസിലിരിക്കാൻ കഴിയുന്നതുകൊണ്ട് ആ ബുദ്ധിമുട്ടിൽ കുറെയൊക്കെ പരിഹരിക്കപ്പെട്ടുപോകും. അധ്യാപകർക്ക് രാഷ്ട്രീയ സ്വാതന്ത്ര്യം കൊടുത്തപ്പോൾ, 'ബി' യിലുള്ള അധ്യാപകർക്ക് 'സി' യിലേക്ക് ഓപ്റ്റ് ചെയ്യാനുള്ള സൗകര്യം കൊടുത്തിട്ടുമുണ്ട്. ഇങ്ങനെയൊക്കെയാണെങ്കിലും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ, എല്ലാം ഇങ്ങനെതന്നെതുടർന്നുപോകുന്നതിനു പകരം, കുറേക്കൂടി ഉദാരമായ നിലപാട് —ബാക്കിയുള്ളവരോട് അനീതി കാണിക്കാത്ത വിധത്തിലും, 60 വയസുവരെ ജോലിചെയ്യുന്നതുകൊണ്ട് അനർഹമായ ആനുകൂല്യങ്ങൾ ആനുഭവിക്കുന്നുവെന്ന് മറ്റുള്ളവരിൽ നിന്ന് ആരോപണമുണ്ടാകാത്ത വിധത്തിലും— ചെയ്യാൻ കഴിയുമോ എന്നാണ് ആലോചിക്കുന്നത്. ചില ചർച്ചകൾ ബഹുമാനപ്പെട്ട എം. കെ. ജോർജിന്റെ നേതൃത്വത്തിൽ നടന്നിട്ടുണ്ട്. ചില കാര്യങ്ങളെ സംബന്ധിച്ച് ചർച്ചകൾ പുരോഗമിച്ചിട്ടുണ്ട്. ഏതേതുകാര്യങ്ങളിലാണ് വിട്ടുവീഴ്ചചെയ്യാനും ആനുകൂല്യങ്ങൾകൊടുക്കാനും ഉദ്ദേശിക്കുന്നതെന്ന് ഈ ഘട്ടത്തിൽ പറയാൻ കഴിയുകയില്ല.

ശ്രീ. കെ. കരുണാകരൻ: പെൻഷൻ നിശ്ചയിക്കുന്ന കാര്യത്തിൽ സാധാരണയായി അടിസ്ഥാനമാക്കുന്നത് അവസാനഘട്ടത്തിൽ വാങ്ങുന്ന ശമ്പളമാണ്. 'ബി' ഓപ്റ്റ് ചെയ്ത ആളുകൾ 54, 55, 56 കാലങ്ങളിലെ 3 കൊല്ലത്തെ ശരാശരിയുടെ അടിസ്ഥാനത്തിലാണ് പെൻഷൻ നിശ്ചയിക്കുന്നത്. ഇത് 58,59,60 ഈ കൊല്ലങ്ങളിലെ ശരാശരിയായി കൊടുക്കുന്നത് അനുകൂലമായിരുന്നു. ആ കാര്യം പ്രത്യേകം പരിഗണിക്കാൻ തയ്യാറാകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: 55 —നുശേഷമുള്ള സർവ്വീസുതന്നെ ഒരു സൗജന്യമാണെന്നാണ് മറ്റുള്ളവരുടെ വാദം. മറ്റുഭാഗത്തുള്ളവരുടെ വാദം കൂടികണക്കാക്കേണ്ടതാണ്. 60—വയസുവരെ സർവ്വീസിലിരിക്കാൻ സൗകര്യം കൊടുത്തവരെ ആ രീതിയിൽ കണക്കാക്കണം, ആ സൗകര്യം കൊടുത്തിട്ടില്ലാത്തവരുടെ കാര്യം ആ രീതിയിൽ കണക്കാക്കണം. രണ്ടും കൂടി കണക്കാക്കിയാൽ അനീതിയുണ്ടാകാതെ ഒരു ബാലൻസ് ഒപ്പിച്ചുകൊണ്ട് ചെയ്യാൻ കഴിയുമോ എന്നാണ് ശ്രമിക്കുന്നത്. ചെയ്യാൻ കഴിയുമോ എന്നു ഗവൺമെന്റ് ആലോചിക്കുന്ന നടപടിയിൽ ബഹുമാനപ്പെട്ട കരുണാകരൻ ഇപ്പോൾ പൂണ്ടിക്കാണിച്ച കാര്യവും ഉൾപ്പെടുന്നുണ്ട്.

ശ്രീ. കെ. കരുണാകരൻ: ഈ സംപ്രദായം മേലാൽ തുടരാതിരിക്കാൻ ശ്രമിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: എന്നേകഴിഞ്ഞുപോയി; ആ ഏർപ്പാട് ഇപ്പോഴില്ല. ഇവിടെ ഒരു വിഭാഗത്തിൽപ്പെട്ട അധ്യാപകർക്ക് രാഷ്ട്രീയ സ്വാതന്ത്ര്യംകൊടുക്കുക എന്ന നിലപാട് എടുത്തപ്പോൾ 'ബി'ക്കാർ 'സി' ആയിക്കൊള്ളാൻ അനുവാദം കൊടുത്തു. അന്ന് 'സി' ആകാൻ കഴിയുമായിരുന്നു. ചിലയാളുകൾ പെട്ടെന്ന് റിട്ടയർ ചെയ്യാൻ പോകുന്നവരായതുകൊണ്ടും മറ്റും 'സി' ആകാതിരുന്നു. അങ്ങനെ ഇപ്പോഴും റിട്ടയർചെയ്യാത്ത ആളുകൾക്ക് ഇരട്ടി ആനുകൂല്യങ്ങൾ കൊടുക്കണമോ എന്നൊക്കെ ചർച്ചചെയ്യുമ്പോഴാണ് അപാകതകൾ ഉണ്ടെന്ന് കാണുന്നത്. അല്ലെങ്കിൽ, ഇപ്പോഴത്തെ അനുവദിച്ചിരിക്കുന്നു എന്നു പറയാമായിരുന്നു.

ഡോ. ജോർജ് തോമസ്: വേണ്ട സമയത്ത് 'ബി' ഓപ്റ്റു ചെയ്യാൻ കഴിയാത്തവർക്ക് ഇനി ഓപ്റ്റുചെയ്യാൻ അവസരം കൊടുക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇപ്പോൾ 'ബി' ഓപ്റ്റുചെയ്തു പുതിയ പ്രശ്നമുണ്ടാക്കാനുദ്ദേശിക്കുന്നില്ല.

ശ്രീ. വി. വി. ദക്ഷിണമൂർത്തി: ഡി. എ. യുടെ തോത് ശമ്പളത്തിന്റെ അടിസ്ഥാനത്തിലാണു നിശ്ചയിക്കുന്നത്. ഒരേ ശമ്പളം വാങ്ങിക്കുന്ന ആളുകൾക്കു വ്യത്യസ്തമായ ഡി. എ. കൊടുക്കുന്ന നയം അപരിഷ്കൃതമല്ലേ? 59 വയസ്സ് പ്രായം ചെന്ന അധ്യാപകർ മുൻപ് പത്തും പതിനെട്ടും രൂപ മാത്രം ശമ്പളം വാങ്ങിച്ചിരുന്നവരാണെന്നുള്ളതു പരിഗണിക്കേണ്ടതല്ലേ?

ശ്രീ. സി. എച്ച് മുഹമ്മദുകോയ: അപരിഷ്കൃതമായ നയമെന്നവാക്കു പറഞ്ഞതുകൊണ്ടുമാത്രം രക്ഷപ്പെടാൻ കഴിയുകയില്ല. പതിനെട്ടും പത്തൊൻപതും രൂപ ശമ്പളം വാങ്ങിയത് ഇവർ മാത്രമല്ല. 55-ാം വയസ്സിൽ റിട്ടയർ ചെയ്ത സകല ആളുകളും ഇതാണ് വാങ്ങിയത്. കഷ്ടമബത്ത, എല്ലാവർക്കും ഒരുപോലെ വേണം, തുല്യജോലിയായതുകൊണ്ട് ശമ്പളം തുല്യമായിരിക്കണം, എല്ലാവരും വീടുകളിലാണ് താമസിക്കുന്നത്, അതുകൊണ്ട് വീട്ടുവാടക അലവൻസ് എല്ലാവർക്കും വേണം, അൻപത്തഞ്ചാം വയസ്സിൽ റിട്ടയർ ചെയ്യാനും വയ്യ. ഇതിനെ അപരിഷ്കൃതമെന്നു ഞാൻ പറയുന്നില്ല, അപാകത എന്നെങ്കിലും പറഞ്ഞുകൂടേ?

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: അറുപതുവയസ്സുവരെ ജോലി ചെയ്യുന്നുവെന്നത് ഒരാനുകൂല്യമായി കണക്കാക്കിക്കൊണ്ട് അവർക്കു കിട്ടേണ്ട ആനുകൂല്യങ്ങൾ നഷ്ടപ്പെടുത്തിക്കളയുന്നതിലെ പൊരുത്തക്കേടും, ജോലി ചെയ്തിട്ടാണ് ശമ്പളം കിട്ടിയത് എന്നതും കണക്കിലെടുത്തുകൊണ്ട് ഈ മാതിരി അനാവശ്യമായ ചില വ്യത്യാസങ്ങൾ ഒഴിവാക്കാൻ സമഗ്രമായ ആലോചന ഗവൺമെന്റ് നടത്തുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അതിനെപ്പറ്റി ഇത്രയും പറഞ്ഞിട്ടും അനാവശ്യമെന്നു തോന്നിയെങ്കിൽ പറഞ്ഞുമനസ്സിലാക്കാൻ എനിക്കുള്ള കഴിവുകേടിൽ ഞാൻ വ്യസനിക്കുന്നു. 57-നുശേഷം ജോലികൊടുത്തിരുന്നെങ്കിൽ മറ്റുള്ളവരും ജോലിചെയ്യുമായിരുന്നു. അവരോട് അനീതിചെയ്യാൻ പാടില്ല. ചെറിയ ഒരു വിഭാഗം ആളുകളോട് നീതിചെയ്യുക എന്നതിന്റെ പേരിൽ വലിയ ഒരു വിഭാഗത്തോട് അനീതി ചെയ്യാൻ പാടില്ല.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: സാമ്പത്തികബാധ്യത വലുതല്ല എന്നു പരിഗണിച്ചുകൊണ്ട് ഔദാര്യപൂർവം കൈകാര്യം ചെയ്യുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: സാമ്പത്തികബാധ്യതയല്ല പ്രശ്നം. നീതിപൂർവം ചെയ്യുമ്പോൾ കൊടുക്കേണ്ടതാണെങ്കിൽ സാമ്പത്തികബാധ്യത യുണ്ടെങ്കിലും കൊടുക്കേണ്ടിവരും. മറ്റുള്ളവരെ എങ്ങനെ ബാധിക്കുമെന്നു നോക്കേണ്ടതുണ്ട്. ഭൂരിപക്ഷം ആളുകളെസംബന്ധിച്ചിടത്തോളം 'ബി' യിൽനിന്നു തിരച്ചുപോകാൻ അവസരവുംകൊടുത്തിട്ടുണ്ട്; ചെറിയവിഭാഗം ആളുകളേ ഉള്ളൂ. അവർക്കു കുറെക്കൂടി ആനുകൂല്യങ്ങൾ കൊടുക്കാൻ കഴിയുമോ എന്നാണു പരിശോധിക്കുന്നത്.

ശ്രീ. പി. എൻ. ചന്ദ്രസേനൻ: 14 ബി ഓപ്റ്റുചെയ്തിട്ടുള്ള എല്ലാവർക്കും 55-നുമേലുള്ള സർവീസിന്റെ പ്രശ്നമില്ല. വളരെ പരിമിത മായ സംഖ്യയേ ഉള്ളൂ. അങ്ങനെ ഒരു ന്യൂനപക്ഷത്തിനു നൽകിയിരിക്കുന്ന ആനുകൂല്യങ്ങൾമൂലം ഡി. എ. നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന അവസര ത്തിൽ അധ്യാപകപ്രതിനിധികളെ എത്രയുംവേഗം വിളിച്ച് ഈ പ്രശ്നം ചർച്ച ചെയ്തു തീരുമാനിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഈ വാദങ്ങൾക്കെല്ലാം മറുപടി പറഞ്ഞുകഴിഞ്ഞതാണ്.

ശ്രീ. എ. കെ. അപ്പു: 14സി ഓപ്റ്റുചെയ്തിട്ടുള്ളവർക്ക് 58 വയ സ്സുവരെ തുടരാം. അപ്പോൾ രണ്ടുവർഷത്തിന്റെ വ്യത്യാസമേയുള്ളൂ എന്നതു പരിഗണിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: വയസ്സിന്റെ കാര്യത്തിൽ എന്തെ കിലും നീട്ടിക്കൊടുക്കണമെന്നാണു താൽപര്യമെങ്കിൽ അതു പരിഗണിക്കുക യില്ല.

ശ്രീ. എ. കെ. അപ്പു: 14സി നടപ്പാക്കിയ അവസരത്തിൽ 58 വരെ പോകാൻ അധ്യാപകനു് അനുവാദം കൊടുത്തു. ആ അധ്യാപകരെ പിന്നെ ബിയിലേയ്ക്ക് പോകാൻ അനുവദിച്ചില്ല. അവർക്ക് 58 വരെ പോകാ മെന്നു് കോടതിവിധിയുണ്ടായിട്ടില്ല. അതിന്റെ അടിസ്ഥാനത്തിൽ 58 വയ സ്സുവരെ തുടരാൻസാധ്യതയുണ്ടാകുകയും നിയമത്തെത്തന്നെ പരാജയപ്പെടു ത്തുന്ന സ്ഥിതി ഉണ്ടാകുകയും ചെയ്യുന്ന സാഹചര്യത്തിൽ പരിഗണിക്കുമോ എന്നാണു ചോദിച്ചത്.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: നിയമത്തെ പരാജയപ്പെടുത്തുന്ന സ്ഥിതിവിശേഷം വന്നാൽ ആലോചിക്കാം. അങ്ങനെയുള്ള സ്ഥിതിവിശേഷം വന്നതായി എനിക്കു തോന്നുന്നില്ല.

മി. സ്പീക്കർ: ചോദ്യം 505 ന് നേരത്തെ ഉത്തരം പറഞ്ഞിട്ടുള്ള താണ്.

കൊച്ചി കപ്പൽ നിർമ്മാണകേന്ദ്രം

*144 (506) ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് വ്യവസായവും തൊഴിലും മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി കപ്പൽ നിർമ്മാണകേന്ദ്രത്തിന്റെ പണി എന്നത്തേക്ക് ആരംഭിക്കുമെന്നു ഗവൺമെന്റിന് വല്ല വിവരവും ലഭിച്ചിട്ടുണ്ടോ;

(ബി) കൊച്ചി കപ്പൽ നിർമ്മാണകേന്ദ്രം പ്രവർത്തനമാരംഭിക്കു മ്പോൾ ഈ വ്യവസായത്തെ അടിസ്ഥാനമാക്കി ഏതെങ്കിലും ഉപവ്യവസായ ങ്ങൾ കേരളത്തിൽ ആരംഭിക്കുവാൻ സാദ്ധ്യതയുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly